**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5090** **04-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ള നിർദിഷ്ട യോഗ്യതയുള്ള ഹെഡ്മാസ്റ്റർമാർക്ക് ശമ്പള നിർണയവും ഇൻക്രിമെന്റുകളും അനുവദിക്കുന്നത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.06.2023 ലെ ഒ.എ.[ഇ.കെ.എം.]-1609/2022 നമ്പർ വിധിന്യായം പരിശോധിച്ച് നടപ്പിലാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (എ) | **ലോവർ പ്രൈമറി സ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ, ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകിയ എല്ലാ ഹെഡ്മാസ്റ്റർമാർക്കും, ടിയാളുകൾ ഹെഡ്മാസ്റ്റർമാരായി ജോലിയിൽ പ്രവേശിച്ചിച്ച തീയതി മുതൽ KS&SSR, Part-II, ചട്ടം 31 (എഫ്) പ്രകാരം ഹെഡ്മാസ്റ്റർ തസ്തികയിലെ ആനുകൂല്യം അനുവദിച്ചും, അപ്രകാരം ടിയാളുകളുടെ ശമ്പളം ഫിക്സ് ചെയ്ത് കുടിശ്ശിക അനുവദിയ്ക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി കൊണ്ട് 19.10.2023 -ലെ സ.ഉ (സാധാ) നം. 6414/2023/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.** |
| (ബി) | താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ള പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരിൽ ഭൂരിഭാഗവും നിർദിഷ്ട യോഗ്യത നേടിയിട്ടുള്ളവരാകയാൽ ഇവർക്ക് നിലവിൽ നൽകിയിട്ടുള്ള താൽക്കാലിക പ്രമോഷൻ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കാമോ; ഇപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് അറിയിക്കാമോ? | (ബി) | **പ്രസ്തുത വിഷയം പരിശോധിച്ചു വരുകയാണ്.** |

സെക്ഷൻ ഓഫീസർ